



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ചാരിറ്റബ്ൾ ആശുപത്രികൾ നിലനിൽക്കാൻ നിരക്ക് ഉയർത്തണോ?

**ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്കൊപ്പം ചികിത്സ നൽകാൻ ചാരിറ്റബ്ൾ ആശുപത്രികൾ എന്ത് ചെയ്യണം**

കേരളത്തിലെ ചാരിറ്റബ്ൾ ആശുപത്രികൾക്ക് ഇപ്പോൾ വളരെ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ പറ്റിയ അനുകൂല സാഹചര്യമാണ്. കേരളം സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്നുപോകുന്നതിനാൽ കൂടുതൽ ആളുകൾ സാമ്പത്തിക പ്രശ്നത്തിൽ അകപ്പെടുകയാണ്. അതുകൊണ്ട് തന്നെ ചികിത്സയ്ക്കായി കൂടുതൽ പേർ സർക്കാർ ആശുപത്രികളെ ശരണം പ്രാപിക്കുന്നു.

അങ്ങനെ വരുമ്പോൾ സാധാരണ ഗതിയിൽ സർക്കാർ ആശുപത്രിയിൽ രോഗികളുടെ തിരക്ക് ക്രമാതീതമാവേണ്ടതാണ്. പക്ഷേ സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ സർക്കാർ ആശുപത്രികൾക്ക് മതിയായ ഫണ്ട് ലഭിക്കുന്നില്ല.

സർക്കാർ ആശുപത്രികളിലെ മരുന്ന് വാങ്ങൽ, കെട്ടിടങ്ങൾ പുതുക്കിപ്പണിയൽ, ആശുപത്രി ഉപകരണങ്ങൾ റിപ്പയർ ചെയ്യൽ തുടങ്ങിയവയൊന്നും നടക്കുന്നില്ല. അതുകൊണ്ട് തന്നെ അവിടങ്ങളിലെ ചികിത്സകളും ഓപ്പറേഷനുകളും മറ്റും ഗണ്യമായ തോതിൽ കുറയുന്നു.

അതോടെ സാധാരണ സർക്കാർ ആശുപത്രികളിൽ പോകുന്ന രോഗികൾ ബദൽ ആശുപത്രികൾ തെരയാൻ തുടങ്ങുന്നു. കുറഞ്ഞ ചികിത്സാ നിരക്കുള്ള ചാരിറ്റബ്ൾ ആശുപത്രികളാണ് ഇവിടെ ഏറ്റവും മികച്ച ബദൽ.

***Financial Advantage of Charitable Trust Hospital***

| Item | Code | Private, For Profit Hospital | Charitable Trust Hospital |
|---|---|---|---|
| Profit Before Tax | A | 100 | 30 |
| Tax | B | 20 | 0 |
| Profit After Tax | C=A-B | 80 | 30 |
| Depreciation | D | 20 | 20 |
| Free Cash Flow | E=C+D | 100 | 50 |
| Renovation/ Replacement | F | 50 | 50 |
| Dividend | G=E-F | 50 | 0 |

ഇതര സ്വകാര്യ, വലിയ ലാഭമെടുക്കുന്ന ആശുപത്രികളുമായി താരതമ്യം ചെയ്യുമ്പോൾ എങ്ങനെ ചാരിറ്റബ്ൾ ആശുപത്രികൾക്ക് കുറഞ്ഞ നിരക്ക് ഈടാക്കാനാകും?

എങ്ങനെ ഇത് സാധ്യമാക്കാമെന്ന് ഒരു ഉദാഹരണത്തിലൂടെ പറയാം.





## വിജയരഹസ്യം

ഏതൊരു ആശുപത്രിയുടെ വിജയത്തിന് പിന്നിലും നിർണായകമായ ചില ഘടകങ്ങളുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, അത് കെട്ടിടമോ മെഡിക്കൽ ഉപകരണങ്ങളോ എന്തുമാകട്ടെ അതിന്റെ കാലികമായ പരിഷ്കരണങ്ങളാണ് അതിലൊന്ന്. ഇത് ചെയ്യാൻ ഓരോ ആശുപത്രിയും അതിന്റെ ലാഭത്തിൽ നിന്ന് ഗണ്യമായ തുക നീക്കിവെച്ച് പുനർ നിക്ഷേപം നടത്തണം.

ചാരിറ്റബ്ൾ ആശുപത്രികളും ലാഭം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും താരതമ്യം ചെയ്യുമ്പോൾ ഇത്തരം പുനർനിക്ഷേപത്തിന്റെ കാര്യത്തിൽ രണ്ട് പ്രധാന വ്യത്യാസമുണ്ട്. വരുമാന നികുതിയും ഡിവിഡന്റും.

സ്വകാര്യ ആശുപത്രികൾക്ക് ഇൻകം ടാക്സുണ്ട്. ഓഹരിയുടമകൾക്ക് ഡിവിഡന്റും നൽകണം. ചാരിറ്റബ്ൾ ആശുപത്രികൾക്ക് ഇതുരണ്ടും വേണ്ട. യഥാർത്ഥത്തിൽ ചാരിറ്റബ്ൾ ആശുപത്രികളുടെ ലാഭം അതിൽ നിന്നെടുക്കാൻ പറ്റില്ല. മാത്രമല്ല അവിടെ തന്നെ പുനർനിക്ഷേപിക്കുകയും ചെയ്യണം.

പട്ടിക നോക്കാം. ഒരു സ്വകാര്യ ആശുപത്രി നികുതിക്ക് മുമ്പുള്ള ലാഭമായി 100 രൂപ നേടിയാൽ അവർ 20 രൂപ ആദായ നികുതിയായി നൽകണം. അതോടെ നികുതിക്ക് ശേഷമുള്ള ലാഭം 80 രൂപയാകും. തേയ്മാന ചെലവ് 20 രൂപയും ലാഭം ലക്ഷ്യമിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ ക്യാഷ് ഫ്ളോ 100 രൂപയെന്നും കണക്കാക്കാം.

ആശുപത്രി നവീകരണത്തിന് 50 രൂപ പുനർനിക്ഷേപിക്കണമെങ്കിൽ ലാഭം ലക്ഷ്യമിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് 50 രൂപ ഡിവിഡന്റായി നൽകാനും സാധിക്കണം.

## പുനർനിക്ഷേപം

ചാരിറ്റബ്ൾ ആശുപത്രികൾക്ക് ലാഭം ലക്ഷ്യമിട്ടുള്ള സ്വകാര്യ ആശുപത്രികളുമായി തുല്യം നിൽക്കാൻ അതേ അളവിൽ പുനർനിക്ഷേപം നടത്തേണ്ടിയിരിക്കുന്നു. പട്ടികയിലെ ഉദാഹരണത്തിൽ ചാരിറ്റബ്ൾ ആശുപത്രികൾ എങ്ങനെ ലാഭം ലക്ഷ്യമിട്ടുള്ള സ്വകാര്യ ആശുപത്രികളുടേതിന് തുല്യമായ പുനർനിക്ഷേപം നടത്താമെന്നാണ് പറയുന്നത്.

50 രൂപ പുനർനിക്ഷേപം നടത്താൻ ലാഭം ലക്ഷ്യമിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് 100 രൂപ നികുതിക്ക് മുമ്പുള്ള ലാഭമായി നേടേണ്ടി വരുമ്പോൾ ഇൻകം ടാക്സും ഡിവിഡന്റും ഇല്ലാത്തതുകൊണ്ട് ചാരിറ്റബ്ൾ ആശുപത്രികൾ 30 രൂപ ലാഭമുണ്ടാക്കിയാൽ മതി. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ ചെലവിൽ ചികിത്സ നൽകുന്ന ചാരിറ്റബ്ൾ ആശുപത്രികൾക്ക് ഇത് വളരെ വലിയൊരു കാര്യമാണ്.

ദൗർഭാഗ്യവശാൽ ചാരിറ്റബ്ൾ ആശുപത്രികൾ തെറ്റായ തീരുമാനത്താൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടേതിന് സമാനമായ വിധത്തിൽ ചികിത്സാ നിരക്കുകൾ ഉയർത്തുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ഇത്തരത്തിൽ നിരക്ക് വർധന നടത്താൻ നിർബന്ധിതമാക്കുന്ന ചാരിറ്റബ്ൾ ആശുപത്രികളുടെ തെറ്റായ തീരുമാനങ്ങളിൽ ചിലത് വരും ലക്കങ്ങളിൽ നമുക്ക പരിശോധിക്കാം. ■

*(തുടരും)*

